LIBRARY ARCHIVES Kerala Legislative Assembly

വയോജന പ്രക്ഷോഭങ്ങൾ

216 (3056) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയോജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി അവർ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുതിർന്ന പൗരൻമാർക്ക് അർഹമായ പരിഗണനയും ബഹുമാനവും പ്രദാനം ചെയ്യാനും അവരുടെ ആരോഗ്യവും സാമൂഹിക സുരക്ഷയും ഉറപ്പാക്കാനുമായി മുതിർന്ന പൗരൻമാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 അംഗീകരിച്ച് നടപ്പിലാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ഓൾഡ് ഏജ് പെൻഷൻ കാലതാമസമില്ലാതെ വിതരണം നൽകുക, സ്ഥാപന സ്ഥാപനേതര സേവനങ്ങളുടെ ഗുണമേൻമ മെച്ചപ്പെടുത്തുക, വയോമിത്രം, വയോഅമൃതം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുക തുടങ്ങിയവ സംയോജിതമായി നടപ്പിലാക്കാനും സംസ്ഥാന-ജില്ലാതല അവലോകനങ്ങൾ കാര്യക്ഷമമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റാന്നി ഐ.സി.ഡി.എസ്. പ്രോജക്ടിൻ കീഴിലെ അംഗൻവാടി ടീച്ചറുടെ പരാതി

217 (3057) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഐ.സി.ഡി.എസ്. പ്രോജക്ടിൻ കീഴിലെ 90-ാം നമ്പർ അംഗൻവാടിയിലെ ടീച്ചറായ ശ്രീമതി ജോളി കെ ജോസിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയോ മാറ്റി നിർത്തുകയോ ചെയ്തിട്ടുണ്ടോ; എന്ന മുതലാണ് ഇങ്ങനെ മാറ്റി നിർത്തിയത്; ആരുടെ ഉത്തരവ് പ്രകാരം;

(ബി) ഇവർക്കെതിരെ ആരെങ്കിലും പരാതി നൽകിയിരുന്നോ; ആരൊക്കെയാണ് പരാതി നൽകിയിരുന്നത്;

(സി) ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിരുന്നത്;